# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION.FEBRUARY 2026.₹5.00

VOL. 10 - ISSUE NO. 08 - DATE OF PUBLICATION 25TH FEBRUARY, 2026 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24




## സംരംഭകത്വവും സുസ്ഥിരവികസനവും

www.ksidc.org

# THE FUTURE IS CARBON-CODED

**Kerala leads the race to pioneering in Graphene - the "wonder material"**

**Where Global Innovation Meets Industrial Scale.**

**Unveils India's Trailblazing Graphene Policy to Power the Industries of Tomorrow**

KERALA STATE INDUSTRIAL DEVELOPMENT CORPORATION LIMITED

KSIDC INVEST in KERALA

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94473 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743

M.M. Mujeeb Rahiman
Ernakulam. ✆ 94477 36134

Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ............ ✆ 98957 03837
Anvar.K.V............ ✆ 93499 35511
Thomas Mathew.. ✆ 80756 59942
Eshaque K........... ✆ 98470 08185
Dr. K.M. Khalid.. ✆ 94460 34576

**Publisher**
A. Nizarudeen
✆ 94477 10078

**Printer**
Rajesh G.
✆ 98957 03837

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538


## ഉള്ളടക്കം

➤ എഡിറ്റോറിയൽ :
➤ പ്രസിഡൻഷ്യൻ റിപ്പോർട്ട് : 4
➤ വോയിസ് ഓഫ് ജനറൽ സെക്രട്ടറി 7
➤ ഫാമിലി ഹെൽത്ത് ഇൻഷൂറൻസ്പദ്ധതി 8
➤ ജി. എസ്. ടി. ഉദ്യോഗസ്ഥരുടെ ചട്ടപ്പടി ഉത്തരുവകൾക്ക് തടയിട്ട്, 11
➤ സംരംഭകത്വവും സുസ്ഥിര വികസനവും 14
➤ ലോക സാമ്പത്തിക വേദിയിൽ നേട്ടങ്ങൾ സ്വന്തമാക്കി കേരളം 16
➤ വനിതകൾക്ക് സ്വയം തൊഴിൽ വായ്പയുമായി വനിതാവികസന കോർപ്പറേഷൻ 18
➤ പെരുമയുയർത്തി കേരളം 20
➤ ഇന്ത്യ ഹൊറേക എക്സ്പോ 2026 21
➤ കെ. എസ്. എസ്. ഐ. എ. ഫോട്ടോസ് 22,23

**KSSIA NEWS**
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION - FEBRUARY 2026 - ₹5.00

## എഡിറ്റോറിയൽ

# സംഘടിച്ചു ശക്തരാവുക



സംഘടിച്ചു ശക്തരാകുന്നതാണ് മാറ്റത്തിന്റെയും, നേട്ടത്തിന്റെയും വഴി.

സംഘടിച്ചു ശക്തരാവുക എന്നതായിരുന്നു നവോത്ഥാനത്തിന്റെ ഗുരു ശബ്ദം പോലും.

വ്യവസായ പുരോഗതിക്കും സാമ്പത്തിക വളർച്ചയക്കും ഉള്ള അടിസ്ഥാന മാർഗവും വ്യവസായികൾ സംഘടിച്ചു ശക്തരായി മാറുന്നത് തന്നെയാണ്. അതിനായി നാം നമ്മുടെ സംഘടനയുടെ അംഗബലം കൂട്ടേണ്ടത് അടിയന്തരാവശ്യമാണെന്ന് കാര്യം ആദ്യമേ ഉണർത്തിക്കട്ടെ.

സർക്കാരിൻറെ വ്യവസായ നയരൂപീകരണത്തിൽ പോലും സ്വാധീനം ചെലുത്താൻ നമുക്ക് കഴിയുന്നത് നമ്മുടെ സംഘടനയുടെ ശക്തി ഒന്നുകൊണ്ടുമാത്രമാണ്.

നമ്മുടെ സംഘടനയിൽ അംഗത്വം പുതുക്കേണ്ടത് മാർച്ച് മാസവും പുതിയതായി അംഗങ്ങളെ ചേർക്കേണ്ടത് ഏപ്രിൽ മാസവും പടിവാതിക്കൽ എത്തിക്കഴിഞ്ഞു. നാം ഒരുമിച്ച് ഉണരേണ്ട സമയമായിരിക്കുന്നു. ജില്ലാ കമ്മിറ്റിയും, ജനറൽ കൗൺസിലിലും സംസ്ഥാന കമ്മിറ്റിയും സജീവമായെങ്കിൽ മാത്രമേ നമുക്ക് സംഘടനയെ ശക്തിപ്പെടുത്താനാവു. മേൽഘടകങ്ങളും കീഴ്ഘടകങ്ങളും ഒന്നുപോലെ ഒരുമിച്ച് പ്രവർത്തനത്തിൽ ഏർപ്പെട്ടെങ്കിൽ മാത്രമേ അധികാരികൾ കേൾക്കൂ, ഒരു സംഘമായി നമുക്ക് നമ്മുടെ സംഘടനയെ മാറ്റാൻ കഴിയു.

ഇപ്രകാരം സജീവമാക്കുന്നത് വരെ ആവർത്തനം കൊണ്ട്പരസ്പരം ഉത്സാഹപ്പെടുത്തുക. പല തവണ പറഞ്ഞതാണെങ്കിലും വേണ്ടത്ര ഉണർവിൽ എത്തുവാൻ നമുക്കിനിയും കഴിഞ്ഞിട്ടില്ല.

വീണ്ടും പറയുന്നൂ നമുക്ക് സംഘടനയെ ശക്തിപ്പെടുത്താൻ കർമ്മോത്സുകരാകാം.

അടുത്ത രണ്ടുമാസങ്ങൾ, തുടർച്ചയായി അംഗങ്ങളെ ചേർക്കാനുള്ള ക്യാമ്പയിൻ കാലമായി പ്രഖ്യാപിച്ചുകൊണ്ട് പ്രവർത്തനം ചടുലമാക്കാൻ അഭ്യർത്ഥിക്കുന്നു.


വ്യവസായികൾ സമയക്കുറവുള്ളവരായതിനാൽ വേതനമോ കമ്മീഷനോ പ്രതിഫലം നൽകി വ്യക്തികളെ ചുമതലപ്പെടുത്തിയുള്ള പ്രവർത്തനത്തെക്കുറിച്ച് നാം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

**എസ്. സലിം**
**ചീഫ് എഡിറ്റർ**



# ഈസ് ഓഫ് ഡൂയിംഗ്

## ബിസിനസ്സ് ടോപ്പ് അച്ചീവർ സ്ഥാനം തുടർച്ചയായി നിലനിർത്തണം.



കേരളം വ്യവസായ വളർച്ച രംഗത്തു അഭൂതപൂർവ്വമായ നേട്ടമാണ് കൈവരിച്ചിട്ടുള്ളത്. നിക്ഷേപകരെയും സംരംഭകരെയും സ്വമനസ്സാലെ കടന്നുവരുത്തുന്നതിനുള്ള അനുകൂലമായ അന്തരീക്ഷം രൂപപ്പെടുത്തുന്നതിൽ സംസ്ഥാന സർക്കാരും വ്യവസായ വകുപ്പും സ്വീകരിച്ച നടപടികളെ തുടർന്ന് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ – ടോപ്പ് അച്ചീവർ സ്ഥാനത്തേയ്ക്കു മറ്റു സംസ്ഥാനങ്ങളെ പിന്നിലാക്കി കേരളം വീണ്ടും ഒന്നാം സ്ഥാനത്തേയ്ക്ക് എത്തിയത്. വ്യവസായ മേഖലയിൽ ഉണ്ടായ അനുകൂലമായ ഈ മാറ്റം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ – ടോപ്പ് അച്ചീവർ സ്ഥാനം തുടർച്ചയായി നിലനിർത്തുന്നതിനും വ്യവസായ മേഖലയിൽ നിലനിൽക്കുന്ന ചില പ്രശ്നങ്ങൾക്ക്കൂടി അടിയന്തിരമായി പരിഹാരം കാണേണ്ട വിഷയങ്ങൾ കൂടി ഇവിടെ ചൂണ്ടിക്കാണിക്കുന്നു.

1) വ്യവസായ മേഖലയ്ക്ക് അനുകൂലമായി ഫയർ ആന്റ്റെസ്ക്യു പോളിസി ഉത്തരവായി ഇറക്കണം.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി വ്യവസായ മേഖലയിലുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി പല നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യുകയുണ്ടായി. എന്നാൽ ഫയർ ആന്റ് റെസ്ക്യു വകുപ്പ് ചട്ടങ്ങളും വ്യവസ്ഥകളും ഇപ്പോഴും മാറ്റമില്ലാതെ തുടരുന്നു. കെട്ടിട നിർമ്മാണങ്ങളും അതിലെ ചട്ടങ്ങളും രൂപികരിക്കാനുള്ള അധികാരം സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽപ്പെട്ടതാണ്. 10000 ചതുശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഫയർ ആന്റ് റെസ്ക്യു വകുപ്പിന്റെ അനുമതി ഒഴിവാക്കിയിട്ടുണ്ടെങ്കിലും നിലവിലെ വ്യവസായ അന്തരീക്ഷത്തിനു ഈ പരിധി തീരെ അപര്യാപ്തമാണ്. മേൽപ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്ത് കാലഹരണപ്പെട്ട ഫയർ ആന്റ് റെസ്ക്യു ചട്ടങ്ങളും വ്യവസ്ഥകളും ഭേദഗതി ചെയ്യുമെന്നും 20000 ചതുരശ്ര അടി തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ ഫയർ ആന്റ് റെസ്ക്യു വകുപ്പിന്റെ അനുമതിയിൽ നിന്നും ഒഴിവാക്കി കൊണ്ടുള്ള ഉത്തരവ് ഇറക്കണം.

2) വ്യവസായ മേഖലയ്ക്ക് അനുകൂലമായി ലളിതമായ വ്യവസ്ഥകളോടു കൂടിയുള്ള സർക്കാരിന്റെ പരിഗണനയിലുള്ള മുൻസിപ്പൽ ചട്ടഭേദഗതി നിയമം അടിയന്തിരമായി ഉത്തരവായി ഇറക്കണം.

3) വൻകിട മേഖലയ്ക്ക് നല്കുന്ന ആനുകൂല്യങ്ങൾ MSME മേഖലയ്ക്ക് അനുവദിക്കണം.

4) വ്യവസായത്തിനുള്ള അനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വ്യവസായ വകുപ്പിനു നല്കണം.

സംരംഭകർക്കു താങ്ങും തണലുമായി നിന്ന് അവർക്കാവശ്യമായ സഹായവും പിന്തുണയും നല്കി അവരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനും മറ്റു വകുപ്പുകളേക്കാൾ കൂടുതൽ ശ്രദ്ധചെലുത്തുന്നത് വ്യവസായ വകുപ്പാണ്. സർക്കാർ വിഭാവനം ചെയ്യുന്ന രീതിയിൽ വ്യവസായ വികസനം ലക്ഷ്യം കൈവരിക്കണമെങ്കിൽ വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി നല്കുന്നത് തദ്ദേശ സ്വയം ഭരണ വകുപ്പിന് പകരം വ്യവസായ വകുപ്പ്

തന്നെയായിരിക്കുന്നതാണ് ഉചിതം. കാരണം വ്യവസായ മേഖലയുടെ കാര്യങ്ങൾ നോക്കേണ്ടതു വ്യവസായ വകുപ്പ് തന്നെയായിരിക്കണം. വ്യവസായ വകുപ്പിന്റെ കീഴിൽ വ്യവസായ ഡയറക്ടറേറ്റ്, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ താലൂക്ക് വ്യവസായ ഓഫീസുകൾ സംവിധാനങ്ങളുണ്ട്. ഈ വസ്തുതകൾ കണക്കിലെടുത്തു വ്യവസായത്തിനുള്ള ലൈസൻസ് നൽകുന്നതിനുള്ള അധികാരം തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും വ്യവസായ വകുപ്പിന് കൈമാറാനുള്ള നിയമ നിർമ്മാണം നടത്തണം. വൻകിട - മെഗാ വ്യവസായകർക്ക് സ്ഥിര മൂലധനത്തിന്റെ 10 ശതമാനം (പരാമവധി 10 കോടി) രൂപ സബ്സിഡി അനുവദിക്കുന്നുണ്ട്. ഈ മേഖല പിരിക്കുന്ന സംസ്ഥാന ജി.എസ്.ടി. വിഹിതം പൂർണ്ണമായും (100 ശതമാനം) 5 വർഷത്തേക്ക് അവർക്കു തിരിച്ചു നല്കും. 50 ശതമാനത്തിലധികം പ്രദേശിക തൊഴിലാളികൾക്ക് സ്ഥിരം ജോലി നല്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് ഓരോ തൊഴിലാളികളുടെയും മാസവരുമാനത്തിന്റെ 25 ശതമാനം (പരമാവധി 5000 രൂപ) തൊഴിലുടമയ്ക്കു നല്കും. ഈ ആനുകൂല്യങ്ങൾ MSME മേഖലയ്ക്കു നല്കുമെന്നു പ്രഖ്യാപിക്കണം.

5) MSMEകൾക്ക് ഒരു പ്രത്യേക പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിക്കണം.

സംസ്ഥാനത്തു വർഷങ്ങളായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന നിലവിലെ MSME കളിൽ നല്ലൊരു ശതമാനവും പൂർണ്ണമായോ ഭാഗികമായോ പ്രവർത്തിക്കാത്ത ഒരു അവസ്ഥയുണ്ട്. ഇതിന് പലകാരണങ്ങൾ ചൂണ്ടിക്കാണിക്കാൻ സാധിക്കും. കോവിഡ് മഹാരോഗം, മഹാപ്രളയം, കാലാവസ്ഥ പ്രശ്നങ്ങൾ അന്താരാഷ്ട്ര വ്യാപാര വെല്ലുവിളികൾ, ധനകാര്യസ്ഥാപനങ്ങളുടെ പിന്തുണയില്ലായ്മ തുടങ്ങിയവ നമ്മുടെ വ്യവസായ മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. ആർ. ബി. ഐ. യുടെയും സർക്കാരിന്റെയും കണക്കുകൾ പ്രകാരം സംസ്ഥാന തലത്തിലെ MSME കളുടെ ആകെ എൻ. പി. എ. അനുപാതം 2024 വരെ ഏകദേശം 4 ശതമാനമാണ്. അതായതു സംസ്ഥാനത്തു 40000 സമ്മർദ്ദത്തിലായ യൂണിറ്റുകൾ ഉണ്ടെന്നാണു കണക്ക്. ഇന്നത്തെ അവസ്ഥ നോക്കുമ്പോൾ ഈ അനുപാതത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകും കേരളത്തിൽ ആകെ 994875 MSMEകൾ രജിസ്റ്റർ ചെയ്തതായിട്ടുള്ളതാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇതിൽ ഏകദേശം സമ്മർദ്ധത്തിലായതും/ എൻ. പി. എ. യൂണിറ്റുകൾ 39795 (4%) ആർ.ബി.ഐ യുടെ ഡാറ്റയുടെ അടിസ്ഥാനമാക്കിയാണ് ഈ കണക്ക്. എൻ.പി.എ. തുക 5530.54 കോടിരൂപ പ്രതീക്ഷിക്കുന്ന ജി. എസ്. ടി വരുമാനം ഏകദേശം 477.54 കോടി രൂപ ( വില്പ്പന 4%) സംസ്ഥാനത്തുണ്ടാകുന്ന സാമൂഹികവും സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നതുമായ ഒരു കണക്കാണ് മേൽപ്പറഞ്ഞവയിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുക. ഒരു പുതിയ സംരംഭം തുടങ്ങാൻ കുറഞ്ഞതു രണ്ടോ മൂന്നോ വർഷം എടുക്കും. എന്നാൽ നിലവിലുള്ള സംരംഭം പുനരുജ്ജീവിപ്പിക്കാൻ 6 മാസമോ പരമാവധി ഒരു കൊല്ലമോ വേണ്ടി വരുകയുള്ളൂ. മേൽപ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്ത് നിലവിൽ സമ്മർദ്ദത്തിലായതും എൻ. പി. എ. സർഫാസി നടപടികളിൽ ഉൾപ്പെട്ടതുമായ MSME കളെ പുനരുദ്ധരിക്കുന്നതിനു ഒരു പ്രത്യേക പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിക്കണം.

6) കേരള റബ്ബർ പാർക്കിന്റെ ലാന്റ് അലോട്ട്മെന്റ് പോളിസിയിലെ വൻകിടക്കാർക്കുള്ള വ്യവസ്ഥകൾ ചെറുകിടക്കാർക്കു കൂടി ബാധകമാക്കണം. സംസ്ഥാനത്തിലെ റബ്ബർ അധിഷ്ഠിത വ്യവസായങ്ങളുടെ വളർച്ചയും വികസനവും ലക്ഷ്യം വച്ചുകൊണ്ട് റബ്ബർ യൂണിറ്റുകൾക്ക് ലാന്റ് അലോട്ട്മെന്റ് നല്കുന്ന ഒരു പ്രത്യേക പോളിസി തന്നെ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ചെറുകിടക്കാർക്കും വൻകിടക്കാർക്കും ഭൂമി അലോട്ട് ചെയ്യുന്ന വ്യവസ്ഥകൾ വ്യത്യസ്ഥങ്ങളാണ്. ചെറുകിടക്കാർക്ക് ഭൂമി അനുവദിക്കുമ്പോൾ ഭൂമിയുടെ വിലയുടെ തിരിച്ചടവ് 5 വർഷവും 5 ഗഡുക്കളുമായിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ 100 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള ഇടത്തരം വൻകിടക്കാർക്ക് ഭൂമിയുടെ വിലയുടെ തിരിച്ചടവ് 9 വർഷവും 9 ഗഡുക്കളുമാണ് അനുവദിച്ചിട്ടുള്ളത്. വിവേചനപരമായ ഈ വ്യവസ്ഥകൾ മാറ്റി വൻകിടക്കാർക്ക് നല്കുന്ന ഈ ആനുകൂല്യങ്ങൾ ചെറുകിടക്കാർക്കു കൂടി ബാധകമാക്കികൊണ്ടുള്ള വ്യവസ്ഥ കൊണ്ടുവരുമെന്നു പ്രഖ്യാപിക്കണം.

7) ഉപയോഗിക്കാതെ തരിശായി കിടക്കുന്ന ഭൂമികൾ, ഏറ്റെടുത്തു വ്യവസായ പാർക്കുകളാക്കി മാറ്റുമെന്നു പ്രഖ്യാപിക്കണം.

വർഷങ്ങളായി കൃഷിയ്ക്ക് അനുയോജ്യമല്ലാത്ത ഉപയോഗ ശൂന്യമായ തരിശായ ഏക്കർ കണക്കിനു ഭൂമി സംസ്ഥാനത്തുടനീളമുണ്ട്. തരിശായികിടക്കുന്ന റബ്ബർ തോട്ടങ്ങളുൾപ്പെടെയുള്ള ഈ ഭൂമി വ്യവസായത്തിനാവശ്യമായി ഏറ്റെടുക്കുകയും വ്യവസായ പാർക്കുകൾ ആരംഭിച്ചു സംരംഭകർക്കു നല്കുമെന്നും പ്രഖ്യാപിക്കണം. ഇതിനു ഭൂനിയമത്തിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരണം. ഭൂമിയുടെ ഉടമസ്ഥനു ന്യായ വില കിട്ടുന്നതോടൊപ്പം ധാരാളം തൊഴിൽ സൗകര്യങ്ങൾ ഉണ്ടാകുകയും ചെയ്യും. അതിലൂടെ

സർക്കാരിനുള്ള റവന്യു വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും.

8) കേരളത്തിലെ മുഴുവൻ പുഴകളിലും അടിഞ്ഞു കിടക്കുന്ന മണൽ നീക്കി സംഭരിച്ച് വ്യവസായം ഉൾപ്പെടെയുള്ള ആവശ്യക്കാർക്കു വിതരണം ചെയ്യണം. ഇങ്ങനെചെയ്താൽ പുഴയുടെ ആഴംവർദ്ധിച്ച് ജലഗതാഗത സൗകര്യം മെച്ചപ്പെടുത്താനും പ്രളയകാലത്തും വേലിയേറ്റ സമയത്തും സമീപ പ്രദേശങ്ങളിൽ വെള്ളം കയറി നാശനഷ്ടം ഒഴിവാക്കാനും സർക്കാരിനുള്ള കോടി കണക്കിനു രൂപയുടെ റവന്യു വരുമാനത്തിനു സഹായകരമാകും.

9) അസംസ്കൃത സാധനങ്ങൾ സംഭരിച്ചു ന്യായ വിലയ്ക്ക് വ്യവസായങ്ങൾക്ക് വിതരണം ചെയ്യണം.

അസംസ്കൃത സാധനങ്ങളുടെ ക്രമാതീതമായ വിലവർദ്ധനവ് മൂലം MSME മേഖല ഒരു പ്രതിസന്ധിയെ നേരിടുകയാണ്. സിമന്റ്, മണൽ, കമ്പി, അലൂമിനിയം, ചെമ്പ്, പ്ലാസ്റ്റിക്, പി.വി. സി., പേപ്പർ, കെമിക്കൽ, പാരഫിൻ , വാക്സ്, തുടങ്ങിയ എല്ലാ സാധനങ്ങളുടെയും വില അനിയന്ത്രിതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനു പുറമെ ഡീസൽ, പെട്രോൾ വിലയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സംസ്ഥാനത്തിലെ സംരംഭകർക്കാവശ്യമായ മിക്കവാറും അസംസ്കൃത സാധനങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്നുമാണ് കൊണ്ടുവരുന്നത്. ട്രാൻസ്പോർട്ടിംഗിലുള്ള ചെലവ് കൂടി വർദ്ധിക്കുമ്പോൾ സംരംഭകരുടെ സാമ്പത്തിക ഭദ്രതയാണ് തകരുന്നത്. മേൽപ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്ത് സംരംഭകർക്ക് ആവശ്യമായ എല്ലാ അസംസ്കൃത സാധനങ്ങളും SIDCO മുഖാന്തിരം സംഭരിച്ചു വ്യവസായികൾക്ക് ന്യായവിലയ്ക്ക് വിതരണം ചെയ്യുമെന്നു പ്രഖ്യാപിക്കണം.

10) വ്യവസായ എസ്റ്റേറ്റിലെ ഒരു സംരംഭകന്റെ കൈവശമുള്ള ഉപയോഗിക്കാത്ത അധിക ഭൂമി വ്യവസായം നടത്തുന്നതിനു മാത്രം മറ്റൊരു സംരംഭകന് കൈമാറാൻ ടി സംരംഭകന് അനുവാദം നല്കുമെന്ന് പ്രഖ്യപിക്കണം.

നിലവിൽ വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭകർക്ക് അനുവദിച്ച ഭൂമിയിൽ ബഹുനില കെട്ടിടങ്ങൾ പണിതു വ്യവസായ സംരംഭർക്ക് വാടകയ്ക്ക് നല്കാനുള്ള അനുമതി നിലനിൽക്കുന്നു. എന്നാൽ നിലവിലുള്ള വ്യവസായിക്ക് അദ്ദേഹത്തിന്റെ വ്യവസായസ്ഥാപനത്തിന് മിച്ചമുള്ള ഭൂമി മറ്റൊരു വ്യവസായിക്ക് വ്യവസായ ആവശ്യത്തിലേക്ക് മാത്രം കൈമാറ്റം ചെയ്യാനുള്ള നിയമ നിർമ്മാണം കൂടി നടത്തേണ്ടതാണ്.അതിലൂടെ തൊഴിലും സർക്കാരിന് നികുതി വരുമാനവും വർദ്ധിക്കുന്നു

11) വ്യവസായ ആവശ്യങ്ങൾക്കുള്ള ലാന്റ് അലോട്ടമെന്റ് (കൈവശം വയ്ക്കാവുന്നത് ) 15 പതിനഞ്ചേക്കർ പരിധി എടുത്തു കളയുമെന്ന് പ്രഖ്യാപിക്കണം.

12) 10 എച്ച്. പി. വരെ റെഡ് കാറ്റഗറി ഒഴിച്ചുള്ള എം. എസ്. എം. ഇ കളെ പൊലുഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് പരിധിയിൽ നിന്നും ഒഴിവാക്കുമെന്ന് പ്രഖ്യാപിക്കണം.

13) സർഫാസി ആക്ടിൽ നിന്നും എം. എസ്. എം. ഇ കളെ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിക്കണം.

14) സംസ്ഥാനത്ത് ഇപ്പോൾ ധാരാളം സ്വകാര്യ വ്യവസായ പാർക്കുകൾ വരുന്നുണ്ട്. ഇതനുസരിച്ച് വൈദ്യുതി ലഭ്യതയ്ക്കുള്ള സബ്സ്റ്റേഷനുകൾ ഇല്ല. വ്യവസായങ്ങൾക്ക് തുടർച്ചയായ വൈദ്യുതി ലഭ്യതയ്ക്ക് കൂടുതൽ സബ്സ്റ്റേഷനുകൾ സ്ഥാപി ക്കുമെന്ന് പ്രഖ്യാപിക്കണം.


15)2016 -ലെ നാഷണൽ ബിൽഡിംഗ് കോഡാണ് കേരളം പിൻതുടർന്നുകൊണ്ടിരിക്കുന്നത്, കേരള ത്തേക്കാൾ ഭൂവിസ്തൃതി കൂടുതലുള്ള സംസ്ഥാനങ്ങ ളായ മഹാരാഷ്ട്ര, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ സംസ്ഥാന ബിൽഡിംഗ് കോഡാണ് നടപ്പിലാക്കുന്നത്. അതുപോലെ കേരളവും സംസ്ഥാന ബിൽഡിംഗ് കോഡ് രൂപികരിക്കണം .

എ. നിസാറുദ്ദീൻ

സംസ്ഥാന പ്രസിഡന്റ്

വോയിസ് ഓഫ് ജനറൽ സെക്രട്ടറി


# എം. എസ്. എം. ഇ. ഫെസിലിറ്റേഷൻ കൗൺസിലിന്റെ സേവനം പ്രയോജനപ്പെടുത്തണം.



ജോസഫ് പൈകട
ജനറൽ സെക്രട്ടറി

ചെറുകിട വ്യവസായികൾ (MSME), സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ തുടങ്ങിയവർക്ക് സാധനം സപ്ലൈ ചെയ്തു കഴിഞ്ഞാൽ 45 ദിവസത്തിനുള്ളിൽ സപ്ലൈ ചെയ്ത സാധനങ്ങളുടെ വില കരാർ പ്രകാരം ലഭിച്ചില്ലെങ്കിൽ പരാതിപ്പെട്ട തുക വസൂലാക്കാനുള്ള ഇ – നിയമപരമായ അധികാരമുള്ള കൗൺസിലാണ് മൈക്രോ സ്മാൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ. പണം ലഭിക്കാത്ത സംരംഭകരുടെ ധാരാളം പരാതികൾ തീർപ്പുകൽപ്പിക്കാതെ വ്യവസായ ഡയറക്ടറേറ്റിൽ കെട്ടിക്കിടക്കുന്ന അവസ്ഥ കണക്കിലെടുത്തു ഈ കൗൺസിൽ സൗത്ത് സോൺ, സെൻട്രൽ സോൺ, നോർത്ത് സോൺ എന്നീ മൂന്ന് റീജിയണൽ സോണുകളായി തിരിച്ചിട്ടുണ്ട്. നിലവിലുള്ള പരാതികളിൽ വേഗം തീർപ്പുകൽപ്പിക്കാനും സംരംഭകനു നീതി ലഭിക്കാനും ഈ മേഖലാ കൗൺസിലുകൾ വളരെ സഹായകരമായി തീർന്നിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകൾ സൗത്ത് സോണിലും കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകൾ സെൻട്രൽ സോണിലും, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ നോർത്തു സോണിലും ഉൾപ്പെടും. നോർത്തുസോണിലത്തെ സ്ഥാനം കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രവും, സെൻട്രൽ സോൺ എറണാകുളം ജില്ലാ വ്യവസായ കേന്ദ്രവും സൗത്ത് സോൺ തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രവുമാണ്. സംസ്ഥാന കൗൺസിലിൽ വ്യവസായ ഡയറക്ടർ ചെയർമാനും എസ്. എൽ.ബി. സി. കൺവീനർ, ലോ സെക്രട്ടറി, കെ. എസ്. എസ്. ഐ. എ. സംസ്ഥാന പ്രസിഡന്റ്/ ജനറൽ സെക്രട്ടറി എന്നിവർ അംഗങ്ങളാണ്. മേഖലാ കൗൺസിലിന്റെ ഡി. ഐ. സി. ജനറൽ മാനേജർമാർ ചെയർമാൻമാരായിരിക്കും. ലീസ് ബാങ്ക് മാനേജർ ഡെപ്യൂട്ടി റാങ്കിലുള്ള ലോ ഓഫീസർ, കെ. എസ്. എസ്. ഐ. എ. യുടെ അതാതു മേഖലാ വൈസ് പ്രസിഡന്റുമാർ അംഗങ്ങളാണ്. 1 കോടി രൂപ വരെയുള്ള പരാതികൾ മേഖലാ കൗൺസിലിലും ഒരു കോടിയിൽ അധികമുള്ളവ സംസ്ഥാന കൗൺസിലിലും പരിഗണിക്കും നിയമപരമായ അധികാരമുള്ള വ്യവസായികളുടെ പരാതികളിൽ തീർപ്പുകല്പ്പിച്ചാൽ ഹൈക്കോടതിയിൽ മാത്രമെ അപ്പീൽ പോകാനുള്ള അധികാരമുള്ളൂ. ഈ കൗൺസിലിന്റെ പ്രാധാന്യത്തെക്കുറിച്ച് മുൻ ലക്കങ്ങളിൽ കൂടി മുന്നറിയിപ്പു നല്കിയിരുന്നതാണ്. സാധനങ്ങൾ സപ്ലൈ ചെയ്തു നിശ്ചിത സമയത്തിനുള്ളിൽ പണം ലഭിക്കാത്ത സംരംഭകർക്ക് പണം ലഭിക്കുന്നതിനു വളരെ സഹായകരമായ ഈ കൗൺസിലിന്റെ സേവനം ബന്ധപ്പെട്ട വ്യവസായികൾ പ്രയോജനപ്പെടുത്തണമെന്നു വ്യവസായ സംരംഭകരോട് അഭ്യർത്ഥിക്കുന്നു.





വിശ്വനാഥൻ ഒടാട്ട്
മാനേജിംഗ് ഡയറക്ടർ,
ഫോൺ: 9895768333,
odatt@aimsinsurance.in

# ഫാമിലി ഹെൽത്ത് ഇൻഷുറൻസ് പദ്ധതി



| | |
|---|---|
| ഇൻഷുർ ചെയ്യാനുള്ള പ്രായപരിധി | 18 വയസ്സ് മുതൽ 60 വയസ്സ് വരെ |
| മെഡിക്കൽ ചെക്കപ്പ് ഇല്ലാതെ പോളിസിയിൽ ചേരാനുള്ള പ്രായം | 55 വയസ്സു വരെ, 51-55 ടെലി മെഡിക്കൽ, 56-60 വീഡിയോ മെഡിക്കൽ |
| ഇൻഷുർ ചെയ്യുന്ന തുക | 5/10 ലക്ഷം |
| മുറി വാടകയ്ക്കുള്ള പരിധി | സിംഗിൾ പ്രൈവറ്റ് റൂം |
| ആശുപത്രിയിൽഅഡ്മിറ്റ് ആവുന്നതിന് മുൻപും, പിൻപും ഉള്ള ചികിത്സ | 30 ദിവസം മുൻപും, 60 ദിവസത്തിന് ശേഷവും. |
| കൺസ്യൂമബിൾസ് | ലഭ്യമാണ്. |
| ഡെകെയർ ചികിത്സാ ചിലവ് | ഇൻഷുറൻസ് തുക വരെ സംരക്ഷണം |
| അവയവദാന ചിലവുകൾ | ഇൻഷുറൻസ് തുക വരെ സംരക്ഷണം |
| ആംബുലൻസ് വാടക | 2,500 രൂപ ഒരു ആശുപത്രിവാസത്തിന് |
| മെഡിക്കൽ ചെക്കപ്പിനുള്ള ചിലവുകൾ | വർഷത്തിലൊരിക്കൽ ലഭ്യമാണ്. |
| ആയുഷ് ചികിത്സാ രീതികൾ | ഇൻഷുറൻസ് തുക വരെ സംരക്ഷണം |
| ആർജിത ബോണസ് (ക്യുമലേറ്റീവ്) | വർഷത്തിൽ 10% പരമാവധി 50% വരെ. |
| ഇൻഷുർ ചെയ്ത തുക കുറഞ്ഞുപോയാൽ പുനസ്ഥാപിക്കുന്നത്. | ഇൻഷുറൻസ് തുകയുടെ 100% വരെ റീചാർജ്ജ് ഒരു പോളിസി വർഷത്തിൽ (പരിധിയില്ലാതെ) |
| ആധുനിക ചികിത്സ. | ഇൻഷുറൻസ് തുക വരെ സംരക്ഷണം |
| മാരകരോഗങ്ങൾക്കുള്ള കവറേജ് | ലഭ്യമാണ്. |
| കുടുംബം (നിർവ്വചനം) | ഭാര്യ, ഭർത്താവ്, 3 കുട്ടികൾ |
| നിലവിലുള്ള അസുഖങ്ങൾക്കുള്ള ചികിത്സാ ചിലവുകൾ | 36 മാസങ്ങൾക്ക് ശേഷം |
| മറ്റു പ്രത്യേകതകൾ | അധികപ്രീമിയം അടച്ചാൽ ഒട്ടെറെ അധികരിച്ച ആനുകൂല്യങ്ങൾ ലഭ്യമാണ്. |
| സൗജന്യ ചികിത്സ | അംഗീകൃത ആശുപത്രി കളിലൂടെ ഹെൽത്ത്-ഇ-കാർഡ് മുഖേന ലഭ്യമാണ്. |


| പ്രായം | ഒരു വ്യക്തി | | രണ്ട് വ്യക്തികൾ | | രണ്ട്വ്യക്തികൾ + ഒരു കുട്ടി | | രണ്ട് വ്യക്തികൾ + രണ്ടു കുട്ടികൾ | | രണ്ട് വ്യക്തികൾ + മൂന്ന് കുട്ടികൾ | |
|---|---|---|---|---|---|---|---|---|---|---|
| | 5 ലക്ഷം | 10 ലക്ഷം | 5 ലക്ഷം | 10 ലക്ഷം | 5 ലക്ഷം | 10 ലക്ഷം | 5 ലക്ഷം | 10 ലക്ഷം | 5 ലക്ഷം | 10 ലക്ഷം |
| 16-25 | 5,134 | 6,654 | 7,640 | 9,888 | 9,269 | 11,977 | 10,991 | 14,189 | 13,071 | 16,852 |
| 26-35 | 5,680 | 7,347 | 8,526 | 11,013 | 10,141 | 13,079 | 12,158 | 15,664 | 14,361 | 18,479 |
| 36-45 | 6,901 | 8,960 | 10,366 | 13,438 | 11,742 | 15,199 | 14,211 | 18,376 | 17,191 | 22,202 |
| 46-50 | 10,233 | 13,285 | 16,130 | 20,911 | 17,392 | 22,513 | 18,834 | 24,354 | 23,350 | 30,154 |
| 51-55 | 13,134 | 17,270 | 20,700 | 27,184 | 22,321 | 29,266 | 24,171 | 31,660 | 29,967 | 39,200 |
| 56-60 | 15,541 | 20,585 | 23,117 | 30,577 | 24,324 | 32,121 | 25,246 | 33,306 | 35,778 | 47,141 |

കുറിപ്പ്:- പോളിസി നൽകുന്നത് മാഗ്മാ ജനറൽ ഇൻഷുറൻസ് കമ്പനിയാണ്. നല്ല സിബിൽ സ്കോർ ഉള്ളവർക്ക് പ്രീമിയത്തിൽ ഇളവുകൾ നൽകുന്നതാണ്.

# സീനിയർ സിറ്റിസൺ ലൈഫ് ഇൻഷുറൻസ്

| | |
|---|---|
| ഇൻഷുർ ചെയ്യാനുള്ള പ്രായപരിധി | 60 വയസ്സിന് മുകളിൽ |
| മെഡിക്കൽ ചെക്കപ്പ് | 60 വയസ്സിന് മുകളിലുള്ള എല്ലാവർക്കും മെഡിക്കൽ ചെക്കപ്പ് ബാധകമാണ്. |
| ഇൻഷുർ ചെയ്യുന്ന തുക | 5/10 ലക്ഷം |
| മുറി വാടകയ്ക്കുള്ള പരിധി | സിംഗിൾ എ.സി. പ്രൈവറ്റ് റൂം |
| ആശുപത്രിയിൽ അഡ്മിറ്റ് ആവുന്നതിന് മുൻപും, പിൻപും ഉള്ള ചികിത്സ | 60 ദിവസം മുൻപും, 90 ദിവസത്തിന് ശേഷവും. |
| കൺസ്യൂമബിൾസ് | ലഭ്യമാണ്. |
| ഡെകെയർ ചികിത്സാ ചിലവ് | ഇൻഷുറൻസ് തുക വരെ സംരക്ഷണം |
| അവയവദാന ചിലവുകൾ | ഇൻഷുറൻസ് തുക വരെ സംരക്ഷണം |
| ആംബുലൻസ്/എയർ ആംബുലൻസ് വാടക | 2,000 രൂപ/3 ലക്ഷം രൂപ വരെ ഒരു ആശുപത്രിവാസത്തിന് |
| മെഡിക്കൽ ചെക്കപ്പിനുള്ള ചിലവുകൾ | അംഗീകൃത ആശുപത്രികളിൽ നിന്ന് വർഷത്തിലൊരിക്കൽ ലഭ്യമാണ്. |
| ആയുഷ് ചികിത്സാ രീതികൾ | ഇൻഷുറൻസ് തുകയുടെ 50% വരെ |
| ആധുനിക ചികിത്സ. | ഇൻഷുറൻസ് തുകയുടെ 50% വരെ |
| മേജർ സർജറി | ഇൻഷുറൻസ് തുകയുടെ 50% വരെ |
| തിമിര ശസ്ത്രക്രിയ (ഒരു കണ്ണിന്) | 50,000 രൂപ വരെ |
| മാരകരോഗങ്ങൾക്കുള്ള കവറേജ് | ലഭ്യമാണ്. |
| കുടുംബം (നിർവ്വചനം) | ഭാര്യ, ഭർത്താവ് |
| നിലവിലുള്ള അസുഖങ്ങൾക്കുള്ള ചികിത്സാ ചിലവുകൾ | 12 മാസങ്ങൾക്ക് ശേഷം |
| ചില പ്രത്യേക അസുഖങ്ങൾക്കുള്ള ചികിത്സാ പരിധി (2 വർഷങ്ങൾക്ക് ശേഷം) | തിമിരം, മൂത്രാശയകല്ല്, ഹെർണിയ, ഹിസ്റ്ററ്റമി, ട്യൂമർ, അൾസർ, മുഴകൾ, സൈനസൈറ്റീസ്, ആർത്രൈറ്റീസ്, ഡിസ്ക്ക് കംപ്ലൈന്റ്, പ്രോസ്റ്റേറ്റ്, സന്ധിമാറ്റിവെക്കൽ, ഫൈബ്രോയിഡ്, വെരിക്കോസ് വെയിൻ, റീനൽ ഫെയിലിയർ, ടോൺസിലൈറ്റിസ് എന്നിവ |
| സൗജന്യ ചികിത്സ | അംഗീകൃത ആശുപത്രി കളിലൂടെ ഹെൽത്ത്-ഇ-കാർഡ് മുഖേന ലഭ്യമാണ്. |

| പ്രായം | ഒരു വ്യക്തി | | രണ്ട് വ്യക്തികൾ | |
|---|---|---|---|---|
| | 5 ലക്ഷം | 10 ലക്ഷം | 5 ലക്ഷം | 10 ലക്ഷം |
| 61–65 | 20,974 | 26,560 | 33,558 | 42,495 |
| 66–70 | 24,621 | 31,153 | 39,394 | 49,845 |
| 71–75 | 31,062 | 39,267 | 49,700 | 62,827 |
| 76–80 | 35,000 | 44,227 | 56,001 | 70,763 |



വിശ്വസ്തതയോടെ,

**വിശ്വനാഥൻ ഒടാട്ട്**
**മാനേജിംഗ് ഡയറക്ടർ,**
**ഫോൺ:9895768333**
odatt@aimsinsurance.in


**AIMS INSURANCE BROKING PVT LTD,** 19/458/37/1 , 1st Floor, Global Tower, Vanchikulam Road, Poothole .P.O, Thrissur- 04
0487-2386364/2389703 I info@aimsinsurance.in I www.aimsinsurance.in I CIN No : U66010KL2002PTC015789
Registration Certificate No :148 I Category : Direct (Life & General) I Validity Period: 15-04-2024 to 14-04-2027 I Issuing Authority : IRDAI
Kerala I Tamil Nadu I Karnataka I Gujarat

MOFPI
MINISTRY OF FOOD PROCESSING INDUSTRIES
GOVERNMENT OF INDIA

PMFME

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

K-bip



# ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് വലിയ ഉയരങ്ങൾ താണ്ടാം

## പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പിഎംഎഫ്എംഇ) പദ്ധതി

**ഓരോ അപേക്ഷകനും ആദ്യാന്ത്യം സമ്പൂർണ കൈത്താങ്ങ് ഉറപ്പാക്കുന്നു**

- **10 ലക്ഷം രൂപ വരെ സബ്സിഡി**
  യോഗ്യമായ പദ്ധതി ചിലവിന്റെ 35% ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡിയായി പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം

- **എസ്.എച്ച്.ജി. അംഗങ്ങൾക്ക് 40,000 രൂപ വരെ ധനസഹായം**
  സ്വയം സഹായ സംഘങ്ങളിലെ ഓരോ അംഗത്തിനും പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും 40000 രൂപ വരെ ധനസഹായം

- **പൊതു അടിസ്ഥാന സൗകര്യത്തിന് 3 കോടി രൂപ വരെ**
  പൊതു അടിസ്ഥാന സൗകര്യത്തിനും മൂലധന നിക്ഷേപത്തിനും എസ്.എച്ച്.ജി., എഫ്.പി.ഒ., സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 3 കോടി രൂപ വരെ ധനസഹായം



കൂടുതൽ വിവരങ്ങൾക്ക്
**ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെടുക**


**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
മൂന്നാം നില, വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033.
ഫോൺ: 91 471 2302774 | ഫാക്സ്: +91 471 2305493
ഇമെയിൽ: industriesdirectorate@gmail.com
വെബ്: www.industry.kerala.gov.in

K-bip
**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ**
2, വിദ്യാ നഗർ, പൊലീസ് ഗ്രൗണ്ടിന് എതിർവശം,
തൈക്കാട് പി.ഒ., തിരുവനന്തപുരം - 695014.
ഫോൺ: +91 471 2321882 | ഫാക്സ്: +91 471 2322883
ഇമെയിൽ: kbip@keralaindustry.org | വെബ്: www.kbip.org


**പി.എം.എഫ്.എം.ഇ. കേരളം ഹെൽപ് ലൈൻ: 97470 22883**

# GST ഉദ്യോഗസ്ഥരുടെ ചട്ടപ്പടി ഉത്തരവുകൾക്ക് തടയിട്ട്, GST ട്രിബ്യൂണൽ നികുതിദായകരുടെ പക്ഷത്ത്



**ഡോ. (അഡ്വ.) കെ.എസ്. ഹരിഹരൻ**
B.Com, LLB, MBA, LLM, Phd
ജി.എസ്.റ്റി.& സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ

ജിഎസ്ടി നടപ്പിലാക്കിയ ആദ്യകാലഘട്ടത്തിലുണ്ടായ സാങ്കേതികമായ പിഴവുകളെ നികുതിവെട്ടിപ്പായി ചിത്രീകരിച്ച് വൻതുക ഡിമാൻഡ് ചെയ്യുന്ന നടപടികൾക്ക് കടിഞ്ഞാൺ വീഴുന്നു. രേഖകൾ സൂക്ഷ്മമായി പരിശോധിക്കാതെയും, സ്വാഭാവിക നീതി നിഷേധിച്ചും ഉദ്യോഗസ്ഥർ എടുക്കുന്ന ഏകപക്ഷീയമായ തീരുമാനങ്ങൾ തിരുത്താൻ ജിഎസ്ടി അപ്പലേറ്റ് ട്രൈബ്യൂണലിന്റെ (GSTAT) പ്രിൻസിപ്പൽ ബെഞ്ച്രംഗത്തെത്തിയിരിക്കുകയാണ്. നിയമത്തിലെ സങ്കീർണ്ണതകൾ മുതലെടുത്ത് നടത്തുന്ന 'ക്രൂരമായ' വ്യാഖ്യാനങ്ങൾ ഇനി ട്രൈബ്യൂണൽ പോലെയുള്ള സ്വതന്ത്ര ഫോറങ്ങൾക്ക് മുന്നിൽ വിലപ്പോകില്ലെന്ന് വ്യക്തമാക്കുന്നതാണ് പുതിയ നിരീക്ഷണങ്ങൾ.

ഈ കാര്യത്തിൽ വ്യക്തത വരുത്തുന്ന പ്രധാനപ്പെട്ട ഒരു വിധിന്യായമാണ് ബോംബെ ഹൈക്കോടതിയുടെ V.S. Products v. Additional Commissioner (Appeals)




(2024) 19 CENTAX 434 (BOM) എന്നത്. ഈ വിധിന്യായത്തിന്റെ അന്തസ്സത്ത കൂടി ഉൾക്കൊണ്ടുകൊണ്ടാണ് ജി.എസ്.ടി ട്രൈബ്യൂണലിന്റെ പ്രിൻസിപ്പൽ ബെഞ്ച് 11-02-2026 ൽ M/s Sterling & Wilson Pvt Ltd. Vs.Commissioner, Odisha(Case No:APL/1/PB/2026) എന്നവിധിന്യായത്തിലൂടെ നികുതിദായകരെ സംരക്ഷിക്കുന്ന സന്ദേശം നൽകിയിട്ടുള്ളത്. നികുതിദായകരുടെ അവകാശങ്ങളെയും ഉദ്യോഗസ്ഥരുടെ അധികാര പരിധിയെയും കുറിച്ച് കൃത്യമായ നിർവചനം നൽകുന്ന, ജിഎസ്ടി ചരിത്രത്തിലെ തന്നെ ഏറ്റവും സുപ്രധാനമായ ഒരു വിധിന്യായമാണിത്. ഈ വിധിയുടെ പശ്ചാത്തലത്തിൽ പ്രോപ്പർ ഓഫീസർമാരുടെ ഉത്തരവാദിത്വങ്ങളെയും വരാനിരിക്കുന്ന മാറ്റങ്ങളെയും കുറിച്ച് നമുക്ക് വ്യക്തമായ സൂചനകൾ ലഭിക്കുന്നു.

**a)** ജിഎസ്ടി സെക്ഷൻ 75(2): നികുതി പുനർനിർണ്ണയം പ്രോപ്പർ ഓഫീസറുടെ മാത്രം അധികാരം.ജിഎസ്ടി നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ജിഎസ്ടി സെക്ഷൻ 75(2). ഇതിനെക്കുറിച്ച് സിബിഐസി (CBIC) പുറപ്പെടുവിച്ച സർക്കുലറുകൾ വളരെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

നിരീക്ഷണം:
നികുതി വെട്ടിപ്പ് (Fraud) തെളിയിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, ഒരു കേസ് സെക്ഷൻ 74ൽ നിന്ന് സെക്ഷൻ 73ലേക്ക് മാറുന്നു. ഇത്തരത്തിൽ നികുതി ബാധ്യത പുനർനിർണ്ണയിക്കേണ്ടി വരുമ്പോൾ, അത് ചെയ്യാൻ 'ഒറിജിനൽ പ്രോപ്പർ ഓഫീസർക്ക്' (Original Proper Officer) മാത്രമേ അധികാരമുള്ളൂ. അപ്പലേറ്റ് അതോറിറ്റിക്കോ ട്രൈബ്യൂണലിനോ കൃത്യമായി നികുതിയും പലിശയും കണക്കാക്കാൻ കഴിയില്ല. അവർക്ക് നിയമപരമായ തെറ്റുകൾ തിരുത്താം, എന്നാൽ കണക്കുകൾ കൂട്ടിക്കിഴിച്ച് പുതിയ ഡിമാൻഡ് നോട്ടീസ് നൽകാൻ അധികാരമില്ല. അതുകൊണ്ട് തന്നെ ഇത്തരം കേസുകൾ പ്രോപ്പർ ഓഫീസർക്ക് തന്നെ 'റിമാൻഡ്' ചെയ്യേണ്ടതാണ്. ഫസ്റ്റ് അപ്പലേറ്റ് അതോറിറ്റിക്ക് റിമാൻഡ് ചെയ്യാനുള്ള അധികാരം ഇല്ലായ്മ ഇവിടെ ട്രൈബ്യൂണൽ മറികടക്കുന്നു എന്ന് വരെ വ്യാഖ്യാനിക്കാവുന്നതാണ്.

ജിഎസ്ടി ഉദ്യോഗസ്ഥരുടെ പ്രാഥമിക ചുമതലകളിൽ വലിയൊരു തിരുത്തലാണ് ട്രൈബ്യൂണലിന്റെ ഈ




പുതിയ നിരീക്ഷണം വിരൽചൂണ്ടുന്നത്. പലപ്പോഴും പ്രോപ്പർ ഓഫീസർമാർ തങ്ങളുടെ മുന്നിലെത്തുന്ന രേഖകളെ കേവലം സാങ്കേതികമായി മാത്രം കണ്ട്, നികുതി ഡിമാന്റുകൾ അടിച്ചേൽപ്പിക്കുന്ന രീതിയാണ് പിന്തുടരുന്നത്. എന്നാൽ, ജിഎസ്ടിയുടെ ആരംഭകാലത്തെ പരിമിതമായ സാങ്കേതിക അറിവുകളെയും പോരായ്മകളെയും ദുർവ്യാഖ്യാനം ചെയ്ത് നികുതി പിരിക്കാനുള്ള വേദിയാക്കി ഈ നിയമത്തെ മാറ്റാൻ കഴിയില്ല.

ഉദ്യോഗസ്ഥരുടെ മുന്നിലെത്തുന്ന രേഖകളും വിശദീകരണങ്ങളും അങ്ങേയറ്റം സൂക്ഷ്മമായും വസ്തുനിഷ്ഠമായും പരിശോധിക്കാൻ ഒറിജിനൽ പ്രോപ്പർ ഓഫീസർ ബാധ്യസ്ഥനാണ്. തെറ്റായ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ നികുതിദായകനെ ശിക്ഷിക്കുന്നത് നീതിയുക്തമല്ല.

**b)** റിമാൻഡ് (Remand) എന്തുകൊണ്ട് അനിവാര്യം? പലപ്പോഴും അപ്പീൽ നൽകുന്ന നികുതി ദായകന് അനുകൂലമായ വിധി വന്നാൽ പോലും കേസ് പഴയ ഉദ്യോഗസ്ഥന്റെ അടുത്തേക്ക് തന്നെ മടക്കി അയയ്ക്കാറുണ്ട്. ഇത് നികുതിദായകനെബുദ്ധിമുട്ടിക്കാനാണെന്ന് പലരും കരുതാറുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ഇത് നീതി ഉറപ്പാക്കാനാണ്. പുതിയ വിധിന്യായത്തിൽ ട്രൈബ്യൂണൽ പറഞ്ഞത് ശ്രദ്ധേയമാണ്.

'ഫസ്റ്റ് അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവ് ഞങ്ങൾ പൂർണ്ണമായും അംഗീകരിച്ചാൽ പോലും, നികുതി കൃത്യമായി കണക്കാക്കുന്നതിനായി ഈ വിഷയംപ്രോപ്പർ ഓഫീസർക്ക് തന്നെ മടക്കി അയയ്ക്കേണ്ടതുണ്ട്.' അപ്പലേറ്റ് അതോറിറ്റിയോ ട്രൈബ്യൂണൽ ഒരു കേസ് പരിശോധിക്കുമ്പോൾ, ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചകൾ സംഭവിച്ചതായി കണ്ടെത്തിയാൽ അത് ഗൗരവമായി തന്നെ പരിഗണിക്കും. അത്തരം സാഹചര്യങ്ങളിൽ കേസ് 'റിമാൻഡ്' ചെയ്യാനും, ഒറിജിനൽ പ്രോപ്പർ അതോറിറ്റി തന്നെ നികുതി കണക്കാക്കുന്ന പ്രക്രിയ വീണ്ടും നിർവഹിക്കണമെന്നും ട്രൈബ്യൂണൽ നിർദ്ദേശിക്കുന്നു. ഇത് ഉദ്യോഗസ്ഥരെ കൂടുതൽ ഉത്തരവാദിത്വമുള്ളവരാക്കും.

**c)** ക്രെഡിറ്റ്/ഡെബിറ്റ് നോട്ടുകളും മാനുഷികമായ പിഴവുകളും. ജിഎസ്ടി നടപ്പിലാക്കിയ പ്രാരംഭ ഘട്ടത്തിൽ പല റിട്ടേണുകളും മാനുവൽ ആയാണ് ഫയൽ ചെയ്തിരുന്നത്. ഈ സമയത്ത് ക്രെഡിറ്റ്/ ഡെബിറ്റ് നോട്ടുകൾ ഉൾപ്പെടുത്താൻ വിട്ടുപോയത് ഒരു കുറ്റകൃത്യമായി കാണരുത് എന്ന് ട്രൈബ്യൂണൽ നിരീക്ഷിച്ചു. അശ്രദ്ധമൂലം


സംഭവിക്കുന്ന തെറ്റുകൾക്ക് അന്യായമായ ശിക്ഷ നൽകരുത്.

- റിട്ടേണുകൾ തിരുത്താൻ (Amendment) നികുതിദായകന് ഒരവസരം കൂടി നൽകണം.

- സത്യസന്ധമായ പിഴവുകളെ നികുതി വെട്ടിപ്പായി മുദ്രകുത്തരുത്.നിയമം നടപ്പിലാക്കിയ ആദ്യകാലയളവിൽ റിട്ടേണുകളിലും മറ്റും സംഭവിച്ച ചെറിയ പിഴവുകളെ ക്രിമിനൽ കുറ്റമായി കാണുന്ന രീതി മാറണം. സത്യസന്ധമായ പിഴവുകളെ നികുതി വെട്ടിപ്പായി മുദ്രകുത്തുന്നത് സ്വാഭാവിക നീതിക്ക് വിരുദ്ധമാണ്. റിട്ടേണുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ നികുതിദായകന് അർഹമായ അവസരം നൽകണമെന്നും ട്രൈബ്യൂണൽ അടിവരയിടുന്നു.

**d)** 'ഹിയറിംഗ്' (In-Person Hearing) എന്ന മൗലികാവകാശം. ഒരു നികുതിദായകന് പറയാനുള്ളത് കേൾക്കാതെ അയാൾക്കെതിരെ നടപടി എടുക്കുന്നത് സ്വാഭാവിക നീതിയുടെ ലംഘന മാണ്. കോവിഡ്19 പോലുള്ള ദുഷ്കരമായ സമയങ്ങളിൽ പലർക്കും കൃത്യസമയത്ത് മറുപടി നൽകാൻ കഴിഞ്ഞിട്ടുണ്ടാകില്ല. നികുതി കൃത്യമായി അടച്ചിട്ടുണ്ടെങ്കിൽ, കേവലം സാങ്കേതിക കാരണങ്ങളാലോ സമയപരിധി കഴിഞ്ഞു എന്നതിനാലോ ഒരാളുടെ വാദം കേൾക്കാതിരിക്കുന്നത് ശരിയല്ല. സത്യസന്ധരായ നികുതിദായകരെ സംരക്ഷിക്കേണ്ടത് നിയമത്തിന്റെ ഉത്തരവാദിത്ത മാണെന്ന് ട്രൈബ്യൂണൽ അടിവരയിട്ടു പറയുന്നു.

നികുതി കൃത്യമായി അടയ്ക്കുന്ന ഒരു പൗരനെ സാങ്കേതിക കാരണങ്ങളുടെ പേരിൽ അനാവശ്യമായി പീഡിപ്പിക്കുന്നത് നിയമവാഴ്ചയ്ക്ക് ചേർന്നതല്ല. ജിഎസ്ടി ട്രൈബ്യൂണലിന്റെ പ്രിൻസിപ്പൽ ബെഞ്ചിന്റെ ഈ തീരുമാനം ജിഎസ്ടി ഭരണസംവിധാനത്തിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരും. കേവലം നികുതി പിരിവിനുപരിയായി, നീതിനിർവ്വഹണത്തിനും തുല്യ പ്രാധാന്യമുണ്ടെന്ന് ഈ വിധി ഓർമ്മിപ്പിക്കുന്നു. സത്യസന്ധരായ നികുതിദായകർക്ക് ഇത് നൽകുന്ന സുരക്ഷാബോധം ചെറുതല്ല. ഉദ്യോഗസ്ഥർ നികുതിദായകർക്ക് അനുകൂലമായി എന്തെങ്കിലും കാര്യങ്ങൾ വ്യാഖ്യാനിച്ചാൽ അത് മേലുദ്യോഗസ്ഥരുടെ അപ്രീതിക്കും ശിക്ഷാ നടപടികൾക്ക് പോലും വിധേയമായേക്കാം എന്ന അവസ്ഥ മാറി, തനിക്ക് ബോധ്യമുള്ള, ശരിയാണെന്ന് തനിക്ക് തോന്നുന്ന രീതിയിൽ വിവേചനാധികാരം ഉപയോഗിച്ച് തീരുമാനമെടുക്കാൻ ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകുന്ന ഒരു വിധിന്യായം കൂടിയാണ് ജി.എസ്.ടി ട്രൈബ്യൂണലിന്റെ ആദ്യ വിധി. ഉദ്യോഗസ്ഥരുടെ ഏകപക്ഷീയ നടപടികൾക്ക് തടയിട്ട് ജിഎസ്ടി ട്രൈബ്യൂണൽ. ജിഎസ്ടി നിയമത്തിലെ സാങ്കേതിക പിഴവുകൾ ഇനി




ദുർവ്യാഖ്യാനം ചെയ്യാനാകില്ല: ന്യൂഡൽഹിയിലെ ജിഎസ്ടി അപ്പലേറ്റ് ട്രൈബ്യൂണലിന്റെ (GSTAT) പ്രിൻസിപ്പൽ ബെഞ്ച് പുറപ്പെടുവിച്ച ആദ്യ വിധി ബിസിനസ്സ്ലോകത്തിന് ആശ്വാസമാകുന്നു. നികുതി ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകുന്ന ജി.എസ്.ടി ട്രൈബ്യൂണലിന്റെ ആദ്യവിധി ജനങ്ങൾ സ്വാഗതം ചെയ്യും.

# സംരംഭകത്വവും സുസ്ഥിരവികസനവും



കെ. ഇസ്ഹാഖ്
കോഴിക്കോട് ജില്ലാ പ്രസിഡന്റ്

സാമൂഹിക സംരംഭകത്വം സുസ്ഥിര വികസനവും നവകേരളത്തിനായുള്ള കാഴ്ചപ്പാടുകൾ എന്ന വിഷയത്തിൽ കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ ലിറ്ററേച്ചർ ഫെസ്റ്റിവലിൽ കഴിഞ്ഞ ദിവസം നടന്ന പാനൽ ചർച്ചയിൽ പങ്കെടുത്തപ്പോഴാണ് സുസ്ഥിര വികസനവുമായി ബന്ധപ്പെട്ട് പുതിയതലമുറ എത്രത്തോളം ശ്രദ്ധ ചെലുത്തുന്നുഎന്ന് മനസ്സിലായത്. കഴിഞ്ഞ കുറച്ചു വർഷങ്ങളായി വികസന മുന്നേറ്റത്തിന് ഏറ്റവും ആവശ്യഘടകമായ പശ്ചാത്തല വികസനത്തിന്റെ കാര്യത്തിൽ നമുക്ക് വലിയ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു എന്നത് വസ്തുതയാണ്. നിരവധി പാലങ്ങൾ, റോഡുകൾ, തുറമുഖങ്ങളുടെയും, വിമാനത്താവളങ്ങളുടെയും വികസനം, പ്രകൃതി വാതകപൈപ്പ്, ഹൈവോൾട്ടേജ് വൈദ്യുതി ലൈനുകൾ എന്നിങ്ങനെ അടിസ്ഥാന സൗകര്യവികസനത്തിൽ വലിയമാറ്റം കൊണ്ടുവരാനായി എന്നത് ഒരു ചെറിയ കാര്യമല്ല.

ഒരിക്കലുംകേരളത്തിൽ നടപ്പാവില്ല എന്ന് കരുതിയിരുന്ന പല വൻകിട പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ ആയിട്ടുണ്ട്. സുസ്ഥിരമായ നവകേരളത്തിനുള്ള പന്ഥാവിലൂടെ വ്യവസായ വികസനത്തെ പരിപോഷിപ്പിക്കുക എന്നതാണ് ലക്ഷ്യമാക്കേണ്ടത്. തൊഴിൽ പരിസ്ഥിതി, സാമൂഹിക നീതി, സാമ്പത്തിക വളർച്ച തുടങ്ങിയ എല്ലാമേഖലകളും തമ്മിൽ സംതുലിതമായ ഒരു മുന്നേറ്റം അനിവാര്യമാണ്. സാധാരണ സംരംഭകത്വം ലാഭത്തെ മുൻനിർത്തുമ്പോൾ സാമൂഹിക സംരംഭകത്വം



അതിവിശാലമായ മനുഷ്യ ജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തി മുന്നേറാൻ സഹായിക്കുന്നു. ലാഭത്തോടൊപ്പം സാമൂഹികമൂല്യം സൃഷ്ടിക്കുന്ന പാതയിൽ സഞ്ചരിക്കുക. ഇന്നത്തെ ആവശ്യങ്ങൾ നിറവേറ്റുമ്പോൾ വരും തലമുറയുടെ അവകാശങ്ങൾ കവർന്നെടുക്കാതിരിക്കുക. ഇത് ജീവിതദർശനമായി ഏറ്റെടുക്കുമ്പോൾ ആ സുസ്ഥിരമായ നവകേരളത്തിലുള്ള ഉറച്ച കാൽവെപ്പായിരിക്കും.

കേരളത്തിലെ വ്യവസായങ്ങളുടെ ചരിത്രത്തെയും സാമൂഹിക സാമ്പത്തിക രംഗത്ത് ഈ മേഖലയുടെ സംഭാവന എത്രത്തോളംഎന്നതിനെക്കുറിച്ച് നമുക്ക് സമഗ്രമായ ഒരു വ്യവസായ വികസന ചരിത്രം ഉണ്ടോ എന്നറിയില്ല. എന്തു



തന്നെയായാലും കേരളം മാറുകയാണ്. വളരുന്ന പുതിയതലമുറ ഡിഗ്രി എടുത്ത് സർക്കാർ ജീവനക്കാർ ആകുന്നതിനേക്കാൾ ഉത്പാദന മേഖലകളിലേക്ക്, വികസനപരമായ മേഖലകളിലേക്ക് കടന്നു ചെല്ലാൻ താല്പര്യപ്പെടുകയാണ്. ലോകത്തിലെ ഏറ്റവും വലിയ ഭരണ നേതൃത്വത്തിൽ ഇരിക്കുന്നവരെക്കാൾ ഇന്ന് ആദരവ് ലഭിക്കുന്നത് വലിയ സംരംഭകർക്ക് തന്നെയാണ്. രാജ്യത്തേക്ക് വരുന്ന വിദേശികളും ഭരണാധികാരികളും നമ്മുടെ രാജ്യത്തെ പ്രശസ്തമായ വ്യവസായ നഗരങ്ങൾ സന്ദർശിക്കാൻ ഏറെതാൽ പര്യപ്പെടുന്നത് രാജ്യത്തിന്റെ യഥാർത്ഥ ഭാഗധേയം നിർണ്ണയിക്കുന്നത് ഇത്തരം വൻ നഗരങ്ങളും അവിടുത്തെ സംരംഭകരുടെ വളർച്ചയുമാണ് നമ്മുടെ സാമ്പത്തിക മുന്നേറ്റം.

വ്യവസായവളർച്ചയുടെ കാര്യത്തിൽ പുതുതലമുറയുടെ പ്രതീക്ഷകൾ വളരെ ഉയർന്നതാണ്. അവർ തൊഴിൽ തേടുന്നവരായി മാത്രമല്ല തൊഴിൽ സൃഷ്ടിക്കുന്ന സംരംഭകരായി മാറാൻ ആഗ്രഹിക്കുന്നു. പരമ്പരാഗത വ്യവസായങ്ങളിൽ മാത്രമല്ല സ്റ്റാർട്ടപ്പുകൾ, ടെക്നോളജി, ഡിജിറ്റൽ സർവ്വീസുകൾ, ഗ്രീൻ ബിസിനസുകൾ എന്നിവയിലേയ്ക്കാണ് കൂടുതൽ ആകർഷിക്കപ്പെടുന്നത്. നവീന ആശയങ്ങൾ, ഗ്ലോബൽ മാർക്കറ്റ് ആണ് ലക്ഷ്യം. നമ്മുടെ സാധ്യതകൾ അതിവിപുലമാണ്. ഉയർന്ന വിദ്യാഭ്യാസ നിലവാരം, മനുഷ്യവിഭവശേഷി, റോഡുകൾ, പോർട്ടുകൾ, ഐടി പാർക്കുകൾ, പ്രവാസി നിക്ഷേപ സാധ്യത, ടൂറിസം, ഐ.ടി., എം.എസ്.എം.ഇ. മേഖലയിലെ വളർച്ച കേരളസർക്കാർ നടപ്പാക്കിവരുന്ന സംരംഭകസൗഹൃദ നയങ്ങൾ, 'സിംഗിൾ വിൻഡോസ് സിസ്റ്റം', സ്റ്റാറ്റസ് മിഷൻ എല്ലാം തന്നെ വ്യവസായവളർച്ചയ്ക്ക് മികച്ച പിന്തുണ നൽകുന്നു.

വളരെ ചെറിയ മൂലധനത്തിൽ സംരംഭം ആരംഭിക്കാൻ MSME വലിയ അവസരങ്ങളാണ് തുറന്നിടുന്നത്. സംരംഭങ്ങൾ, ഹോംബേസ്ഡ് ബിസിനസ്, ഡിജിറ്റൽ മാർക്കറ്റിംഗ്, അഗ്രോ ഫുഡ് പ്രോസസിംഗ് ഇവയിലൂടെ സ്വയംതൊഴിൽ സൃഷ്ടിക്കാനാവും തൊഴിൽ കേരളം എന്നതിൽ നിന്ന് തൊഴിൽ സൃഷ്ടിക്കുന്ന കേരളം എന്ന നിലയിലേക്ക് നമ്മൾ വളർന്നു കൊണ്ടിരിക്കുന്നു. സംരംഭക സൗഹൃദ അന്തരീക്ഷം, സാങ്കേതിക നവീകരണം, സർക്കാർ പിന്തുണ എന്നിവ ചേരുമ്പോൾ കേരളം ഭാവിയിൽ ഇന്ത്യയിലെ മുൻനിര വ്യവസായ സംസ്ഥാനമായി മാറും.



# 1.18 ലക്ഷം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങൾ ലോക സാമ്പത്തിക വേദിയിൽ നേട്ടങ്ങൾ സ്വന്തമാക്കി കേരളം

ആഗോള സമ്പദ്‌വ്യവസ്ഥ വലിയ അനിശ്ചിതത്വങ്ങളിലൂടെയും ഭൗമരാഷ്ട്രീയ സംഘർഷങ്ങളിലൂടെയും കടന്നുപോകുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഇത്തരം വെല്ലുവിളികൾക്കിടയിൽ വ്യാവസായിക ലോകം തിരയുന്നത് സ്ഥിരതയും ദീർഘവീക്ഷണവും കൃത്യമായ വികസന മാതൃകയുമുള്ള നിക്ഷേപ കേന്ദ്രങ്ങളെയാണ്. ഈ പശ്ചാത്തലത്തിലാണ് സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറം വാർഷിക സമ്മേളനത്തിൽ കേരളം ഒരു കരുത്തുറ്റ ആഗോള സാന്നിധ്യമായി ഉയർന്നുവന്നത്. വെറുമൊരു നിക്ഷേപ സംഗമം എന്നതിലുപരി, സുസ്ഥിരതയും സാമൂഹിക നീതിയും സാമ്പത്തിക വളർച്ചയും എങ്ങനെ കൈകോർക്കാം എന്നതിന്റെ സമഗ്രമായ മാതൃകയാണ് കേരളം ദാവോസിൽ അവതരിപ്പിച്ചത്.

മുൻ വർഷങ്ങളിൽ ദാവോസിലെ കേരളത്തിന്റെ സാന്നിധ്യം പ്രധാനമായും സംസ്ഥാനത്തെ പരിചയപ്പെടുത്തുന്നതിലും പുതിയ ബന്ധങ്ങൾ വികസിപ്പിക്കുന്നതിലുമാണ് കേന്ദ്രീകരിച്ചിരുന്നത്. എന്നാൽ ഇത്തവണത്തെ പങ്കാളിത്തം വലിയൊരു മാറ്റത്തിന് സാക്ഷ്യം വഹിച്ചു. കേവലം പങ്കാളിത്തത്തിൽ നിന്നു നിക്ഷേപ പരിവർത്തനത്തിലേക്കും, പ്രാഥമിക ചർച്ചകളിൽ നിന്നു കരാർ വ്യവസ്ഥകളിലേക്കും, ആശയവിനിമയങ്ങളിൽ നിന്ന് കൃത്യമായ നടപ്പാക്കലിലേക്കുമുള്ള ചുവടുമാറ്റമായിരുന്നു ഇത്. വലിയ നിക്ഷേപങ്ങൾ സ്വീകരിക്കാൻ ആവശ്യമായ നയപരിഷ്കാരങ്ങളും തയ്യാറെടുപ്പും കേരളത്തിനുണ്ടെന്ന സന്ദേശം ദാവോസിന്റെ വേദികളിൽ മുഴങ്ങിക്കേട്ടു.

വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് നയിച്ച ഉന്നതതല സംഘമാണ് കേരളത്തെ പ്രതിനിധീകരിച്ചത്. ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, അഡീഷണൽ ചീഫ് സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ വിഷ്ണുരാജ് പി. എന്നിവർ ഈ സംഘത്തിലുണ്ടായിരുന്നു. പ്രമുഖ വ്യവസായിയും ലുലു ഗ്രൂപ്പ് ചെയർമാനുമായ എം.എ. യൂസഫലി സംസ്ഥാന പവലിയൻ ഉദ്ഘാടനം ചെയ്തത് പൊതുമേഖലയും സ്വകാര്യമേഖലയും തമ്മിലുള്ള ശക്തമായ സഹകരണത്തിന്റെ പ്രതീകമായി മാറി. 'കേരളം – ഇന്ത്യയുടെ ആഗോള നിക്ഷേപത്തിലേക്കുള്ള കവാടം' എന്ന പ്രമേയത്തിൽ ഒരുക്കിയ കേരള പവലിയൻ ദാവോസിലെ പ്രൊമേനാഡ് 48ൽ ഒരു പ്രധാന കേന്ദ്രമായി പ്രവർത്തിച്ചു.

ദാവോസ് സമ്മേളനത്തിന്റെ ഫലമായി കേരളം നേടിയെടുത്തത് 1.18 ലക്ഷം കോടി രൂപയുടെ (ഏകദേശം 14 ബില്യൺ യു.എസ്. ഡോളർ) നിക്ഷേപ വാഗ്ദാനങ്ങളാണ്. അമേരിക്ക, ബ്രിട്ടൻ, ജർമ്മനി, ഇറ്റലി, സ്പെയിൻ, ദക്ഷിണാഫ്രിക്ക തുടങ്ങി ഇരുപത്തിയേഴ് രാജ്യങ്ങളിൽ നിന്നുള്ള ആഗോള കമ്പനികളിൽ നിന്നാണ് ഈ നിക്ഷേപ താൽപ്പര്യങ്ങൾ ലഭിച്ചത്. പുനരുപയോഗ ഊർജ്ജം, ഗ്രീൻ ഹൈഡ്രജൻ, ഗ്ലോബൽ ക്യാപ്പബിലിറ്റി സെന്ററുകൾ,



ഡാറ്റസെന്ററുകൾ, കൃത്രിമ ബുദ്ധി, ടൂറിസം, വെൽനസ്, മെഡിക്കൽ ഇൻഫ്രാസ്ട്രക്ചർ തുടങ്ങിയ മേഖലകളിലാണ് പ്രധാനമായും നിക്ഷേപം എത്തുന്നത്. റാംകി ഇൻഫ്രാസ്ട്രക്ചർ, റീസസ്റ്റൈനബിലിറ്റി, ബൈദ്യനാഥ് ബയോഫ്യൂവൽസ്, ആക്മി ഗ്രൂപ്പ്, സിഫിടെക്നോളജീസ് തുടങ്ങിയ കമ്പനികൾ 500 കോടി രൂപയോ അതിലധികമോ മൂല്യമുള്ള പദ്ധതികളുമായി മുന്നോട്ടുവന്നു. സംസ്ഥാന സർക്കാർ നടപ്പാക്കിയ വിപ്ലവകരമായ നയപരിഷ്കാരങ്ങളും വ്യവസായ സൗഹൃദ അന്തരീക്ഷവുമാണ് നിക്ഷേപകരെ ആകർഷിച്ചത്.

ഇന്ത്യയിലെ സംരംഭകത്വ സൗഹൃദ റാങ്കിംഗിൽ കേരളത്തെ ഒന്നാം സ്ഥാനത്തെത്താൻ സഹായിച്ച ഘടകങ്ങൾ മന്ത്രി വിശദീകരിച്ചപ്പോൾ നിക്ഷേപകരുടെ ആത്മവിശ്വാസം വർദ്ധിച്ചു. പരിസ്ഥിതി, സാമൂഹിക ഉത്തരവാദിത്തം, ഭരണം എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയുള്ള നിക്ഷേപങ്ങൾക്ക് കേരളം നൽകുന്ന പ്രാധാന്യം ആഗോളതലത്തിൽ വലിയ അംഗീകാരമാണ് നേടിയത്. ഉത്തരവാദിത്വപരവും സുസ്ഥിരവുമായ നിക്ഷേപങ്ങൾക്ക് ഏറ്റവും വിശ്വസനീയമായ ലക്ഷ്യസ്ഥാനമായി കേരളം മാറിയെന്ന വിലയിരുത്തലാണ് ദാവോസിൽ നിന്നുയർന്നത്. സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'കേരള ഈവനിംഗ്' എന്ന ചടങ്ങ് സംസ്ഥാനത്തിന്റെ ഭാവി സാധ്യതകളെ ആഴത്തിൽ അവതരിപ്പിച്ചു. കരുത്തുറ്റ പൊതുജനാരോഗ്യ സംവിധാനം, ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ വളർച്ച, 37 ശതമാനത്തോളം വരുന്ന വനിതാ പങ്കാളിത്തം, പുരോഗമനപരമായ സാമൂഹിക ചട്ടക്കൂട് എന്നിവ കേരളത്തിന്റെ തനിമയായി ഉയർത്തിക്കാട്ടപ്പെട്ടു. ഗ്രീൻ ടെക്നോളജി, മെഡിക്കൽ ഉപകരണ നിർമ്മാണം തുടങ്ങിയ ആധുനിക മേഖലകളിൽ കേരളം നൽകുന്ന അവസരങ്ങൾ ലോകത്തിന് മുൻപിൽ തുറന്നുകാണിക്കാൻ ഈ പര്യടനത്തിലൂടെ സാധിച്ചു.

ദാവോസിൽ ലഭിച്ച ഈ നിക്ഷേപ വാഗ്ദാനങ്ങൾ വെറും കണക്കുകളുടെ കഥയല്ല; മറിച്ച് കേരളം നേടിയെടുത്ത ആഗോള വിശ്വാസത്തിന്റെ അടയാളമാണ്. ഓരോ നിക്ഷേപവാഗ്ദാനങ്ങൾക്കും സമയബന്ധിതമായി പിന്തുടർച്ച ഉറപ്പാക്കാൻ പ്രത്യേക ഉദ്യോഗസ്ഥരെ നിയോഗിക്കുന്ന സംവിധാനം സർക്കാർ ഇപ്പോൾ തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. ദാവോസിൽ തുടങ്ങിയ ഈ ചർച്ചകൾ കേരളത്തിൽ യഥാർത്ഥ നിക്ഷേപങ്ങളായും ദീർഘകാല പങ്കാളിത്തങ്ങളായും മാറുമ്പോൾ, വ്യാവസായിക മുന്നേറ്റത്തിൽ കേരളം കൂടുതൽ ദൃഢമായി അതിന്റെ സ്ഥാനം ഉറപ്പിക്കും. ആഗോള നിക്ഷേപ ഭൂപടത്തിൽ കേരളം ഇനി ഒരു സാന്നിധ്യം മാത്രമല്ല, തിളക്കമാർന്ന ഒരു വഴികാട്ടി കൂടിയായി മാറുകയാണ്.

***KSIDC***



# വനിതകൾക്ക് സ്വയം തൊഴിൽ വായ്പയുമായി
## വനിതാ വികസന കോർപ്പറേഷൻ.



**ടി എസ് ചന്ദ്രൻ**
മുൻ ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന വ്യവസായ
വാണിജ്യ വകുപ്പ്

വനിതാ വികസന കോർപ്പറേഷൻ നിരവധി വായ്പ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും, സ്ഥിരമായ വരുമാനം ഉറപ്പുവരുത്തുന്നതിനും, സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിനും വനിതകളെ പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വ്യക്തിഗത സംരംഭങ്ങൾക്കും ഗ്രൂപ്പ് സംരംഭങ്ങൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് വായ്പ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. വ്യക്തി സംരംഭകർക്കുള്ള വായ്പ്പയും പലിശയും മൂന്ന് വിഭാഗങ്ങളായി തിരിച്ച് വായ്പ്പകൾ അനുവദിച്ചു വരുന്നു.

**1.പൊതു വിഭാഗം അതായത് ഏതൊരു വനിതയ്ക്കും 5 ലക്ഷം രൂപ വരെ 8% പലിശയിൽ ലഭ്യമാക്കുന്നു.**

**2.ഓ ബി സി വിഭാഗക്കാർക്ക് 25 ലക്ഷം രൂപ വരെ 8% പലിശയിൽ ലഭ്യമാക്കുന്നു.**

**3.മതന്യൂനപക്ഷങ്ങൾക്ക് 30 ലക്ഷം രൂപ വരെ 6% പലിശയിൽ ലഭ്യമാക്കുന്നു.**

### *ഗ്രൂപ്പ് സംരംഭങ്ങൾക്കുള്ള വായ്പ*

സി.ഡി.എസ് ചെയർപേഴ്സൺ വഴി പഞ്ചായത്തിന്റെ അനുമതിയോടു കൂടി അപേക്ഷിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് വായ്പകൾ അനുവദിക്കുന്നു.പരമാവധി മൂന്ന് കോടി രൂപ വരെ ഇങ്ങനെ അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ഇതിന്റെ പലിശ മതവിഭാഗങ്ങൾ അനുസരിച്ച് വ്യത്യാസപ്പെടുന്നു.

മത ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട സംഘങ്ങൾക്ക് 5% പലിശ നിരക്കിലും, ഓ ബി സി വിഭാഗത്തിന് 6% പലിശ നിരക്കിലും പൊതുവിഭാഗത്തിന് 7% ശതമാനം പലിശ നിരക്കിലും ഗ്രൂപ്പ് വായ്പ അനുവദിക്കുന്നു.

### *ഗ്യാരണ്ടി നിർബന്ധം*

വായ്പക്ക് ജാമ്യം നിർബന്ധമാണ്. വ്യക്തിഗത വായ്പകൾക്ക് സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യമോ വസ്തു ജാമ്യമോ പരിഗണിക്കും. വസ്തു ജാമ്യം ആണെങ്കിൽ അഞ്ചു സെൻറിൽ കുറയാത്ത വസ്തു ജാമ്യമായി നൽകേണ്ടതായി വരും. വസ്തുവിന്റെ



വിലയുടെ 80 ശതമാനം വരെ വായ്പയായി ലഭിക്കും. പഞ്ചായത്തിന്റെ അനുമതിയോടെ സിഡിഎസ് ചെയർപേഴ്സൺ വഴി നൽകുന്ന സ്വയം സഹായ സംഘങ്ങൾക്കുള്ള വായ്പയ്ക്ക് പ്രത്യേകമായ ജാമ്യം ആവശ്യമില്ല. എന്നാൽ മറ്റു സംഘങ്ങൾ അപേക്ഷിക്കുകയാണ് എങ്കിൽ ജാമ്യം നൽകേണ്ടതായി വരും.

## മറ്റ് നിബന്ധനകൾ

- **മൂന്നു ലക്ഷത്തിന് മുകളിൽ വായ്പയ്ക്ക് അപേക്ഷിക്കുമ്പോൾ ബന്ധപ്പെട്ട പ്രവർത്തിക്കുള്ള ലൈസൻസ് ഉണ്ടായിരിക്കണം.**
- **5 ലക്ഷത്തിന് മുകളിലുള്ള വായ്പകൾ രണ്ട് ഗഡു ആയി മാത്രമേ വിതരണം ചെയ്യുകയുള്ളൂ.**
- **നിശ്ചിത വരുമാന പരിധിയിലുള്ള 18 നും 55നും ഇടയിൽ പ്രായമുള്ള തൊഴിൽ രഹിതർക്ക് അപേക്ഷിക്കാം.**
- **60 മാസം വരെയാണ് തിരിച്ചടവ് കാലാവധി.**
- **എല്ലാ വിഭാഗം പ്രവർത്തികൾക്കും വായ്പ**

സ്വയംതൊഴിൽ എന്ന നിലയിൽ വരുമാന വർദ്ധനവിന് ഉതകുന്ന എല്ലാത്തരം പദ്ധതികളും ഇതു പ്രകാരം തിരഞ്ഞെടുക്കാം എന്നത് വലിയ നേട്ടമാണ്. വ്യവസായ സ്ഥാപനങ്ങൾ, സേവന / വ്യാപാര സ്ഥാപനങ്ങൾ, ഫാമുകൾ തുടങ്ങി എല്ലാത്തരം പ്രവർത്തികൾക്കും വായ്പ ലഭിക്കും. വനിതകൾക്ക് സ്ഥിര വരുമാനം ഉറപ്പുവരുത്തുവാൻ കഴിയണം എന്നുമാത്രം.

താൽപര്യമുള്ളവർ www.mithrasoft.kswdc.org വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കണം. വനിതാ വികസന കോർപ്പറേഷന്റെ റീജിയണൽ / ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടുകയും ചെയ്യാം.

ടി.എസ്. ചന്ദ്രൻ

മുൻ ഡെപ്യൂട്ടി ഡയറക്ടർ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്.








## 190ൽ അധികം രാജ്യങ്ങളിലെ രുചിവൈവിധ്യങ്ങളുമായി **ഗൾഫ് ഫുഡ് ഇന്ത്യ**

# പെരുമയുയർത്തി കേരളം



**സൂരജ് എസ്.**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
കെബിപ്പ്

ലോകത്തെ ഏറ്റവും വലിയ ഭക്ഷ്യമേളയായ ഗൾഫ് ഫുഡിൽ പെരുമയുയർത്തി കേരളം. ഇന്ത്യയുൾപ്പെടെ 190ൽ പരം രാജ്യങ്ങളിൽ നിന്നുള്ള അയ്യായിരത്തിലേറെ പ്രദർശകർ പങ്കെടുത്ത മേള, ദുബായ് വേൾഡ് ട്രേഡ് സെന്ററിലും എക്സ്പോ സിറ്റിയിലുമായാണ് ഒരുക്കിയിരുന്നത്. കേരളത്തിൽ നിന്ന് വ്യവസായ വകുപ്പിനെ പ്രതിനിധീകരിച്ചു കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ (കെബിപ്പ്) നേതൃത്വത്തിൽ പത്ത് ഭക്ഷ്യ സംരംഭക യൂണിറ്റുകളാണ് മേളയിൽ പങ്കെടുത്തത്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ആയിരുന്നു കേരള പവിലിയന്റെ ഏകോപന ചുമതല. ഭക്ഷ്യ രംഗത്തെ വ്യവസായ സാധ്യതകളുൾപ്പെടെ വിസ്മയിപ്പിക്കുന്ന ഒരായിരം കാഴ്ചകളായിരുന്നു കേരളത്തിൽ നിന്ന് പങ്കെടുത്ത സരംഭകർക്കായി ലോകമുറ്റു നോക്കുന്ന മേള കാത്തു വച്ചിരുന്നത്.

കേക്ക് മിക്സുകൾ, കറിപ്പൊടികൾ, സുഗന്ധവ്യഞ്ജനങ്ങൾ, ധാന്യപ്പൊടികൾ, എള്ളെണ്ണ, വെളിച്ചെണ്ണ, കടുക് എണ്ണ, ശർക്കര ഉൽപ്പന്നങ്ങൾ എന്നിങ്ങനെ പരമ്പരാഗത ഭക്ഷ്യ വിഭവങ്ങളെ ആധുനിക ലോകത്തിനനുസൃതമായി കാലഘട്ടം ആവശ്യപ്പെടുന്ന ഗുണമേന്മയോടും ആകർഷണീയതയോടും കൂടെ ഒരുക്കിയാണ് ഭക്ഷ്യ വിഭവ സംസ്കരണ സംരംഭകർ മേളയിൽ കേരളത്തിന്റെ ശബ്ദമായത്.

കൂടാതെ പ്ലാസ്റ്റിക് കണ്ടെയ്നറുകൾ, ഡ്രൈ ഫ്രൂട്ട്സ് ഗിഫ്റ്റ് ബോക്സുകൾ, പേസ്ട്രി ബോക്സുകൾ എന്നിങ്ങനെ ഭക്ഷ്യ അനുബന്ധ മേഖലയിലെ സംരംഭകരും കേരളത്തെ പ്രതിനിധീകരിച്ചു പങ്കെടുത്തിരുന്നു.

പങ്കാളിത്ത രാജ്യമായ ഇന്ത്യയുടെ പവലിയൻ യുഎഇയിലെ ഇന്ത്യൻ സ്ഥാനപതി ഡോ. ദീപക് മിത്തൽ ആയിരുന്നു ഉദ്ഘാടനം ചെയ്തത്. കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ വകുപ്പ് സെക്രട്ടറി ശ്രീ. അവിനാശ് ജോഷി ഐ.എ.എസ്., അപെഡ (APEDA) ചെയർമാൻ ശ്രീ. അഭിഷേക് ദേവ് എന്നിവരും ചടങ്ങിൽ സംബന്ധിച്ചു. ഇന്ത്യയുടെ വാണിജ്യ വ്യവസായ മന്ത്രാലയത്തിനു കീഴിലെ ദി അഗ്രികൾച്ചറൽ ആൻഡ് പ്രൊസസ്ഡ് ഫുഡ് പ്രോഡക്റ്റ്സ് എക്സ്പോർട് ഡവലപ്മെന്റ് അതോറിറ്റിയാണ് ഇന്ത്യൻ പവിലിയനുകൾ ഒരുക്കിയത്. മൊത്തം 161 കമ്പനികൾ ഇന്ത്യൻ പവിലിയന്റെ ഭാഗമായുണ്ടായിരുന്നു.

ഇന്ത്യൻ കാർഷിക വൈവിധ്യത്തിന്റെ വിപുലമായ ശേഖരമായിരുന്നു മേളയുടെ അടയാളം . പുതിയതും ശീതികരിച്ചതുമായ ഉൽപ്പന്നങ്ങൾ, ധാന്യങ്ങൾ,



പാനീയങ്ങൾ, മൂല്യവർധിത ഭക്ഷ്യപദാർത്ഥങ്ങൾ, കാർഷിക കയറ്റുമതി സ്റ്റാർട്ടപ്പുകൾ തുടങ്ങിയ ഒട്ടനവധി ഭക്ഷ്യ സംസ്കരണ മേഖല സംരംഭങ്ങൾ പവിലിയനിൽ അണിനിരന്നു. അഞ്ച് ദിവസം നീണ്ടു നിന്ന ലോകത്തിലെ ഏറ്റവും വലിയ ഭക്ഷ്യമേളയായ ഗൾഫ്ഫുഡ് ലോകമെമ്പാടുനിന്നുള്ള സന്ദർശ കർക്ക് വൈവിധ്യമാർന്ന ഒന്നര മില്ല്യണിലധികം ഫുഡ് പ്രൊഡക്ടുകളും രുചിക്കൂട്ടുകളും നേരിട്ടറി യാനുള്ള സുവർണാവസരമായിരുന്നു ഒരുക്കിയത്.

റെക്കോർഡ് ജനപങ്കാളിത്തം കൊണ്ട് കൂടി ശ്രദ്ധേയമായിരുന്നു ഇത്തവണത്തെ മേള. ഗൾഫ് ഫുഡിൻറെ ചരിത്രത്തിലെ ഏറ്റവും വലിയ പതിപ്പിന് കൂടിയാണ് ഇത്തവണ ദുബായ് ആതിഥേയത്വം വഹിച്ചത്. വിവിധസംസ്കാരങ്ങളിലെ ഭക്ഷണങ്ങൾ, ഭക്ഷണരീതികൾ, ഭക്ഷ്യ വ്യവസായം, സാങ്കേതിക വിദ്യകൾ, ഉൽപ്പാദന വിതരണ രീതികൾ തുടങ്ങിയ വയുടെ ഭാഗമാകാനും പരിചയപ്പെടാനും ഗൾഫ് ഫുഡിൻറെ ഭാഗമായതിലൂടെ സാധിച്ചതായി



കേരളത്തിൽ നിന്നുള്ള സംരംഭകർ പറഞ്ഞു. പുതിയ വിപണികൾ കണ്ടെത്താനും വ്യവസായ പങ്കാളിത്തം വർദ്ധിപ്പിക്കാനും പുതിയ സാങ്കേതികവിദ്യകളും ഉത്പന്നങ്ങളും പരിചയപ്പെടുത്താനും പ്രദർശനം സഹായകരമായതായും വാണിജ്യരംഗത്തെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്താൻ ഗൾഫ് ഫുഡ് വഴിയൊരുക്കുന്നുണ്ടെന്നും സംരംഭകർ വ്യക്തമാക്കി.

# ഇന്ത്യ ഹൊറേക എക്സ്പോ 2026


## സന്ദർശക പ്രശംസ ഏറ്റുവാങ്ങി കേരളത്തിലെ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ

ഇന്ത്യ ഹൊറേക എക്സ്പോ 2026 (ഫുഡ് ആൻഡ് ഡ്രിങ്ക് പ്രോസസിംഗ് എക്സ്പോ & ബേക്കേഴ്സ് ടെക്നോളജി ഫെയർ)ൽ ശ്രദ്ധേയ സാന്നിധ്യമായി കേരള സ്റ്റാളുകൾ. ഭക്ഷണ - പാനീ യങ്ങൾ, ഡയറി ബേക്കറി, മിഠായി, മധുരപലഹാര ങ്ങൾ, ലഘുഭക്ഷണങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകി കൊണ്ട് സംഘടിപ്പിച്ച ട്രേഡ് ഫെയർ 2026 ജനുവരി 20 മുതൽ 22 വരെ ബെംഗളൂരു വിലെ ത്രിപുര വാസിനി പാലസ് ഗ്രൗണ്ടിലാണ് സംഘടിപ്പിച്ചത്.

കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) നേതൃത്വത്തിൽ സം സ്ഥാനത്തെ ഭക്ഷ്യ സംസ്കരണ മേഖലയിലെ 18 യൂണിറ്റുകളാണ് ട്രേഡ് ഫെയറിൽ പങ്കെടുത്തത്. 3 ദിവസങ്ങളിലായി ഏകദേശം 25000 ത്തിലധി കം സന്ദർശകർ പങ്കെടുത്ത മേളയിൽ ഉൽപ്പന്ന വൈവിധ്യത കൊണ്ട് കേരള സ്റ്റാളുകൾ സന്ദർശക പ്രശംസ നേടിയിരുന്നു.

ഹോട്ടൽ, റെസ്റ്റോറന്റ്, കാറ്ററിംഗ്, ഭക്ഷ്യ സം സ്കരണ അനുബന്ധ മേഖലകളിലെ ഏറ്റവും പുതിയ ട്രെൻഡുകൾ, നൂതനാശയങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനും പ്രായോഗിക തലത്തിൽ





നടപ്പിലാക്കുന്നതിനുമുള്ള ഒരു മികച്ച പ്ലാറ്റ്ഫോം കേരളത്തിലെ സംരംഭകർക്ക് ഒരുക്കി നൽകുന്ന തായിരുന്നു ഇന്ത്യ ഹൊറേക എക്സ്പോ 2026. ലോകമെമ്പാടുമുള്ള ഭക്ഷ്യ മേഖല വിദഗ്ധരെയും ഉത്പാദകരെയും വിതരണക്കാരെയും ഒരു കുട ക്കീഴിൽ കൊണ്ട് വന്ന എക്സ്പോയിലൂടെ വിവിധ രാജ്യങ്ങളിലുള്ള സംരംഭകരുമായി ആശയ വിനിമയം നടത്തുന്നതിനും വാണിജ്യ ബന്ധങ്ങളിൽ ഏർപ്പെ ടുന്നതിനും എക്സ്പോ വഴിയൊരുക്കി. ഭക്ഷ്യ മേഖ ലയിലെ ഡിജിറ്റൽ സാങ്കേതികതയുടെ ഉപയോഗം, വർക്ക്ഷോപ്പുകൾ, തത്സമയ ഉത്പന്ന നിർമാണം, പാനൽ ചർച്ചകൾ എന്നിവയും എക്സ്പോയുടെ പ്രധാന ആകർഷണങ്ങൾ ആയിരുന്നു.




ആരാധ്യനായ കൊല്ലം മേയർ ശ്രീ. എ. കെ. ഹഫീസ് അവർകൾക്ക് സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദീൻ അവർകൾ കെ. എസ് എസ്. ഐ. എ യുടെ ആദരവായി മൊമെന്റോ നൽകുന്നു




ട്രേഡക്സ് കേരള 2026 കൊച്ചി ഇന്റർനാഷണൽ
ബയർ സെല്ലർ മീറ്റ് വ്യവസായ വകുപ്പ് മന്ത്രി
ശ്രീ പി രാജീവ് അവർകൾ ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ
സംസ്ഥാന പ്രസിഡന്റ് ശ്രീ എ നിസാറുദ്ദീൻ
ആശംസകൾ അർപ്പിക്കുന്നു

വയനാട് ജില്ലയിലെ ചൂരൽമല ദുരന്ത നിവാരണ സമാഹരണ ഫണ്ടിലേക്ക് 21, 40,000/ രൂപ കെ എസ് എസ് ഐയുടെ ആഭിമുഖ്യത്തിൽ കെ എസ് എസ് ഐ എ സംസ്ഥാന പ്രസിഡണ്ട് ശ്രീ എ നിസാറുദ്ദീൻ, ജനറൽ സെക്രട്ടറി ശ്രീ ജോസഫ് പൈകട, സെൻട്രൽ സോൺ പ്രസിഡണ്ട് ശ്രീ പി ജെ ജോസ്, ചീഫ് എഡിറ്റർ എസ് സലിം, iiie ചെയർമാൻ ശ്രീ കെ പി രാമചന്ദ്രൻ നായർ, ശ്രീ ദാമോദർ അവനൂർ, എന്നിവർ ചേർന്ന് ശ്രീ സുഹാസ് ഐ എ എസിന് (സിയാലിന്റെയും, വയനാട് പ്രോജക്ടിന്റെ സ്പെഷ്യൽ ഓഫീസറുമായ) സമാഹരണ തുക കൈമാറുന്നു.







കേരള ഗവൺമെന്റ് അംഗികൃത ഇൻഡസ്ട്രിയൽ പാർക്കായ
TUFFO യുടെ ഉദ്ഘാടന ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ്
ശ്രീ. എ. നിസാറുദീൻ അവർകൾ പങ്കെടുത്തു







കേരള അഗ്രോ ഫുഡ് പ്രോ എക്സിബിഷനിൽ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ എ പി എം മുഹമ്മദ് ഹനീഫ് ഐഎഎസ് അധ്യക്ഷത വഹിക്കുകയും, ബഹുമാനപ്പെട്ട കേരള വ്യവസായ വകുപ്പ് മന്ത്രി ശ്രീ പി രാജീവ് അവർകൾ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്ത യോഗത്തിൽ KSSIA പ്രസിഡണ്ട് (CZ) ശ്രീ. പി. ജെ. ജോസ് ആശംസകൾ അർപ്പിച്ചു.



കൊല്ലം ജില്ലയിലെ ആറാട്ടുവിള ഫർണിച്ചർ & പ്ലൈവുഡ് മാനുഫാക്ചറിങ് യൂണിറ്റ് ബഹുമാനപ്പെട്ട എം എൽ എ ശ്രീ പി. സി. വിഷ്ണുനാഥ് അവർകളും സംസ്ഥാന പ്രസിഡന്റ് ശ്രീ എ. നിസാറുദീനും ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു






Publisher **A.Nizarudeen** and Printer Rajesh G. on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94477 10078, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.